ഘട്ടപ്രവർത്തനം പുരോഗതിയിലാണ്. കൊറ്റി-വളപട്ടണം-പറശ്ശിനിക്കടവ് ബോട്ട് റൂട്ട് മെച്ചപ്പെടുത്തുന്നതിന് 5 കോടി രൂപ ഞാൻ നീക്കി വച്ചിരിക്കുന്നു. ആലപ്പുഴ-കോട്ടയം, ആലപ്പുഴ-ചങ്ങനാശ്ശേരി, കോട്ടയം-വൈക്കം എന്നീ ജലമാർഗ്ഗങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് 1.2 കോടി അമേരിക്കൻ ഡോളറിന്റെ (56 കോടി രൂപ) ലോകബാങ്ക് സഹായം ലഭ്യമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

56. തിരുവനന്തപുരം ജനാവലിയുടെ ആഗ്രഹാഭിലാഷങ്ങൾക്കനുസൃതമായി തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ വികസനത്തിന് 11 കോടി രൂപ നീക്കി വച്ചിട്ടുണ്ടെന്നറിയിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ജലവിതരണം

57. ശുദ്ധജല വിതരണത്തിന് ഈ ഗവൺമെന്റ് അങ്ങേയറ്റത്തെ പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതി ഇനത്തിൽ 221.27 കോടി രൂപ ഇതിനായി പ്രത്യേകം വകയിരുത്തിയിട്ടുണ്ട്. ശാസ്ത്രീയമായ ജലവിതരണത്തിനും സംരക്ഷണത്തിനും പ്രാധാന്യം നൽകുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നു. ഇതിനു പുറമേ വരും വർഷം കേന്ദ്രാവിഷ്കൃത പദ്ധതികൾ, ത്വരിതഗതിയിലുള്ള ഗ്രാമീണ-നഗര ശുദ്ധജലവിതരണ പദ്ധതികൾ, ടെക്നോളജി മിഷൻ പദ്ധതികൾ, എൽ.ഐ.സി, ഹഡ്കോ തുടങ്ങിയവരുടെ സഹായത്തോടുകൂടിയുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നതാണ്. ഗ്രാമീണ സ്കൂളുകളിലേയ്ക്കുള്ള ശുദ്ധജലവിതരണ പദ്ധതികളും മഴവെള്ളം ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികളും കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു. ത്വരിതഗതിയിലുള്ള ഗ്രാമീണ ശുദ്ധജല പദ്ധതിവിഹിതത്തിന്റെ 20 ശതമാനം കേന്ദ്ര സർക്കാർ ഘടക നവീകരണത്തിനായി ഇപ്പോൾ മാറ്റി വച്ചിരിക്കുന്നു. ജനകീയ പങ്കാളിത്തത്തോടും ഓഹരി വിഹിതത്തോടും കൂടി ആവശ്യം അനുസരിച്ച് ഈ പദ്ധതികൾ നടപ്പാക്കി വരുന്നു. ഒരു പൈലറ്റ് പദ്ധതിയെന്ന നിലയിൽ കൊല്ലം, കാസർഗോഡ് ജില്ലകൾ തെരഞ്ഞെടുത്തിട്ടുണ്ട്. വികേന്ദ്രീകൃത ആസൂത്രണത്തിന്റെ പരമപ്രധാന തത്വമായ ജനകീയ പങ്കാളിത്തത്തോടെ 400 കോടി രൂപ അടങ്കലിൽ നാലു ജില്ലകളിൽ ലോക ബാങ്ക് സഹായത്തോടെ നൂതനമായ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കാൻ കഴിഞ്ഞത് ഈ ഗവൺമെന്റിന്റെ എടുത്തു പറയത്തക്ക ഒരു നേട്ടമാണ്.

വിദ്യാഭ്യാസം

58. മുൻകാലങ്ങളിലെപ്പോലെതന്നെ ബഡ്ജറ്റിന്റെ സിംഹഭാഗവും വിദ്യാഭ്യാസത്തിനായി നീക്കി വച്ചിരിക്കുന്നു. 2969.37 കോടി രൂപയാണ് ഈ വർഷത്തെ വിദ്യാഭ്യാസത്തിന്റെ മൊത്തം അടങ്കൽ. സർക്കാർ അതിന്റെ നയത്തിന്റെ ഭാഗമായി കോളേജിൽനിന്നും പ്രീഡ്രിഗ്രി പൂർണ്ണമായും വേർപ്പെടുത്തി. 417 സർക്കാർ സ്കൂളുകൾ ഉൾപ്പെടെ 931 വിദ്യാലയങ്ങളിൽ ഹയർ സെക്കന്ററി കോഴ്സ് നടത്തിവരുന്നു. പൊതുവിദ്യാഭ്യാസത്തിന് മൊത്തം അനുവദിച്ചിട്ടുള്ള പദ്ധതി വിഹിതമായ 118.5 കോടി രൂപയിൽ 40 കോടി രൂപയുടെ ഉയർന്ന വിഹിതം ഹയർസെക്കന്ററി വിദ്യാഭ്യാസത്തിന് മാത്രമായി ഞാൻ നീക്കി വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

59. ഉന്നതവിദ്യാഭ്യാസമേഖലയിൽ നിലവിലുള്ള കോഴ്സുകളെ പുനഃസംഘടിപ്പിച്ച് തൊഴിൽസാദ്ധ്യതകളുള്ള പുതിയ കോഴ്സുകൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ട്. കഴിഞ്ഞ മൂന്നു വർഷങ്ങളിലായി സർക്കാർ-സഹകാര്യ കോളേജുകളിലായി മൂന്നുറോളം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളത്തിന് വ്യക്തമായ മുൻതൂക്കം ലഭിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് ആവശ്യമായ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. അർഹതയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അനുയോജ്യമായ വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാകത്തക്ക രീതിയിൽ പ്രൊഫഷണൽ കോളേജുകൾ തുടങ്ങുന്നതിനുള്ള ഒരു സമഗ്ര പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കുന്നതാണ്. 1-1-1996 മുതൽ മുൻകാലപ്രബാല്യത്തോടുകൂടി 1998-ലെ പുതുക്കിയ യു.ജി.സി. സമ്പ്രദായം നടപ്പിലാക്കിക്കഴിഞ്ഞു.

60. കൊല്ലം, ആലപ്പുഴ, പാലക്കാട് ജില്ലകളിൽ മൂന്നു പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം തൃശ്ശൂർ, കണ്ണൂർ, കോട്ടയം രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ എഞ്ചിനീയറിംഗ് കോളേജുകളിലെ എല്ലാ ബി.ടെക്, എം.ടെക് കോഴ്സുകൾക്കും AICTE യുടെ അംഗീകാരം നേടുന്നതിന് ശ്രമിച്ചിട്ടുണ്ട്. ഈ എഞ്ചിനീയറിംഗ് കോളേജുകളിൽ CAD/CAM സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതാണ്. ഈ കോളേജുകളിൽ കേന്ദ്രീകൃത കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുകവഴി വിദ്യാർത്ഥികൾക്കു പതിവുസമയത്തിനുപുറമെയും പഠനസൗകര്യം ലഭ്യമാകുന്നതാണ്. പോളിടെക്നിക്കുകളിൽ ആധുനിക വിഷയങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതാണ്. കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ MCA കോഴ്സുകളും, കണ്ണൂരിൽ MBA കോഴ്സും ആരംഭിക്കുന്നതാണ്.

61. പുതുതായി ആരംഭിച്ച അഞ്ച് എഞ്ചിനീയറിംഗ് കോളേജുകളിലും പത്ത് പോളിടെക്നിക്കുകളിലും അടിസ്ഥാന വികസനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് മുൻഗണന നൽകുന്നതാണ്. 1993-94-ൽ പോളിടെക്നിക്കുകളായി ഉയർത്തിയ എട്ട് ടെക്നിക്കൽ ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ കെട്ടിപ്പടുക്കുന്നതിന് പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതാണ്. ഇടുക്കി ജില്ലയിലെ പുറപ്പുഴയിൽ കൂടുതൽ തൊഴിൽ സാധ്യതയ്ക്കനുയോജ്യമായ കമ്പ്യൂട്ടർ, വിവരസാങ്കേതിക വിദ്യ തുടങ്ങിയ ആധുനിക വിഷയങ്ങൾ പഠിപ്പിക്കുന്ന ഒരു പുതിയ പോളിടെക്നിക്ക് ആരംഭിച്ചിട്ടുണ്ട്. മാവേലിക്കരയിലേയും തൃശ്ശൂരിലേയും ഫൈൻ ആർട്സ് കോളേജുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. ലോകബാങ്കിന്റെ മൂന്നാം ടെക്നിക്കൽ എഡ്യൂക്കേഷൻ പദ്ധതിയുടെ കീഴിൽ, തെരഞ്ഞെടുക്കപ്പെട്ട പോളിടെക്നിക്കുകളെ "സെന്റർ ഓഫ് എക്സലൻസ്" ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്.

ആരോഗ്യം

62. ബഡ്ജറ്റിൽ ആരോഗ്യ മേഖലയ്ക്ക് ഞാൻ 753 കോടി രൂപ നീക്കി വച്ചിരിക്കുന്നു. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് പദ്ധതിയിനത്തിൽ 20.75 കോടി രൂപ മാറ്റി വച്ചിരിക്കുന്നു. ഹോമിയോപ്പതി വിഭാഗത്തിൽ 31 ആശുപത്രികളിലും 524 ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly

WATER SUPPLY

57. This Government has given the utmost importance for water supply . An amount of Rs. 221.27 cr. has been earmarked for this sector under Plan. Various schemes under implementation lay emphasis on scientific distribution and conservation of water. In addition, Centrally Sponsored Schemes, Accelerated Rural and Urban Water Supply schemes, Technology Mission schemes, LIC and HUDCO assisted schemes will also be impletmented in the coming year. The Kerala Water Authority is also implementing schemes for Water Supply to Rural Schools and for Rainwater harvesting. Government of India has also now set apart 20% of the total allocation under ARWSP for sector reforms. These schemes operate on a demand driven basis with Community participation and beneficiary contribution. Kasargod and Kollam have been selected as the two pilot districts for this programme. One notable achievement of this Government has been in implementing the innovative World Bank Assisted Rural Water Supply Scheme in four districts with a total outlay of over Rs. 400cr. with the very same participartory basis that is the hallmark of the decentralised planning process.

EUDCATION

58. As in the past, Education accounts for the lion share of the budget of the State. This year the total outlay is Rs. 2969.37 cr. Government have completed the delinking of Pre-degree education from colleges as part of its policy. There are 931 schools offering Higher Secondary Courses of which 417 are Government schools. This year , I have enhanced the provision under Plan to Rs. 40 cr. exclusively for this as part of the total allocation of Rs. 118.5 cr. for General Education.

59. In Higher education, the emphasis has been on restructuring existing courses and offering job oriented courses. In the last three years more than 300 courses were started in the Government and Private colleges of the State. Government will introduce sufficient number of new courses this year aimed at giving the State a clear advantage in the sphere of higher education. We will evolve a comprehensive policy to start as many professional colleges in the State designed to provide adequate avenues for professional education for all our students who qualify for the same. Government has successfully implemented the revised UGC scheme, 1998 in our colleges with retrospective effect from 1-1-1996.

LIBRARY ARCHIVES Kerala Legislative Assembly

60. Government proposes to start three new polytechnics at Kollam, Alappuzha and Palakkad districts. Government proposes to get accreditation form AICTE to all B.Tech and M.Tech courses of College of Engineering, Trivandrum, Thirssur, Kannur and Rajiv Gandhi Institute of Technology, Kottayam. CAD/CAM facilities will also be set up in these Engineering colleges. Centralised computing facility will be established in these colleges, which will give students access even outside the working hours of the colleges. New courses, reflecting the current trends in technical education will be introduced in the polytechnics. MCA course will be introduced in Engineering College at Kottayam, Kannur and an MBA course at Kannur.

61. Government will emphasise the development of facilities at the five new started Engineering Colleges and the ten polytechnics. Special attention will also be given to setting up infrastructure in the eight technical high schools that were upgraded in 1993-94 as Polytechnics. A new Polytechnic at Purappuzha, Idukki has been started which offers courses like Computer and Information Technology which will be more relevant to the employment market today. Fine arts colleges at Mavelikkara and Thrissur have been upgraded. Proposals for establishing centres of excellence in selected Polytechnics have been submitted to the World Bank under the 3rd Technical Education Project.

HEALTH

62. The Health Sector accounts for a outlay of Rs. 753 cr. in my budget. For improving facilities in the Medical Colleges of the State, I am providing an amount of Rs. 20.75 cr. under Plan. The Department of Homeopathy, with its 524 rural dispensaries and 31 hospitals with combained bed strength of 970 is an important component of the health care system of our State. To improve the availability of homeopathic medicines, the capacity of Kerala State Homeopathic Co-operative Pharmacy will be enhanced in 2001-02 . Government proposes to start 50 new homeo dispensaries this year.

63. The Directorate of Indian Systems of Medicine has 113 hospitals and 729 dispensaries under it. Government intends to open new dispensaries in 25 more panchayats and to open 5 new 20 bedded ayurveda hospitals. It is also proposed to upgrade ten 20- bedded hospitals to 30 bedded hospitals in the coming year. Government

LIBRARY ARCHIVES Kerala Legislative Assembly